LBRD-C2/157/2025-LBRD

**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - വ്യാവസായിക പരിശീലനം - വാഴക്കാട്, കരുണാപുരം ഐ.ടി.ഐ കളിലെ Draughtsman Civil ട്രേഡിലേക്ക് ആവശ്യമായ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ CPRCS/GeM പോർട്ടൽ മുഖേന സംഭരിയ്ക്കുന്നതിന് ട്രെയിനിംഗ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തൊഴിലും നൈപുണ്യവും (സി) വകുപ്പ്**

സ.ഉ.(സാധാ) നം.207/2026/LBR തീയതി,തിരുവനന്തപുരം, 11-02-2026

പരാമർശം:- 1. 22.09.2025 ലെ സ.ഉ.(സാധാ)നം. 1125/2025/LBR

2. ട്രെയിനിംഗ് ഡയറക്ടറുടെ19/11/2025 ലെ ഡി.റ്റി/4784/2025-ഇ6 നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാനത്തെ ഐ.ടി.ഐ കളിലെ വിവിധ ട്രേഡുകൾക്ക് അഫിലിയേഷൻ, റീ അഫിലിയേഷൻ എന്നിവ ലഭിക്കുന്നതിന് ആവശ്യമായ ഉപകരണങ്ങൾ സംഭരിക്കുന്നതിനുവേണ്ടി പരാമർശം 1 പ്രകാരം ഭരണാനുമതി അനുവദിച്ച് ഉത്തരവായിരുന്നു. ആയതുപ്രകാരം വ്യാവസായിക പരിശീലന വകുപ്പിൻ കീഴിലുള്ള വാഴക്കാട്, കരുണാപുരം ഐ.ടി.ഐ കളിലെ Draughtsman Civil ട്രേഡിലേക്ക് ആവശ്യമായ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ CPRCS/GeM പോർട്ടൽ മുഖേന സംഭരിയ്ക്കുന്നതിന് ₹8,13,050/- രൂപയുടെ സംഭരണാനുമതി അനുവദിച്ച് നൽകണമെന്ന് പരാമർശിത കത്ത് പ്രകാരം ട്രെയിനിംഗ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ, വാഴക്കാട്, കരുണാപുരം ഐ.ടി.ഐ കളിലെ Draughtsman Civil ട്രേഡിലേക്ക് ആവശ്യമായ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ CPRCS/GeM പോർട്ടൽ മുഖേന "2230-03-101-87-മോഡേണൈസേഷൻ ഓഫ് ഐ ടി ഐസ്-34-ഒ.സി-3-അദർ ഐറ്റംസ് (പ്ലാൻ) 2025-26" എന്ന ശീർഷകത്തിൽ നിന്നും ചെലവഴിച്ച് സംഭരിക്കുന്നതിന് ₹8,13,050/- രൂപയുടെ (എട്ട് ലക്ഷത്തി പതിമൂവായിരത്തി അമ്പതു രൂപ മാത്രം) ട്രെയിനിംഗ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്
ഡെപ്യൂട്ടി സെക്രട്ടറി

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ ആന്റ് ഇ), തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ്. (വെബ്സൈറ്റിൽ പരസ്യപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Usha Rani L
Date: 14-02-2026 20:29:08
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു. പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്സിന്